മുഖ്യമന്ത്രിയും മന്ത്രി പിള്ളയും ഈ സംസ്ഥാനത്തിനുതന്നെ അപമാനമാണ്. ഇവർ അധികാരത്തിൽ തുടരുന്നതിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്.....(ബഹളം).....അതുകൊണ്ട്.....ഞങ്ങൾ ഈ സമ്മേളനത്തിന്റെ ഇനിയുള്ള ദിവസങ്ങൾ ബഹിഷ്കരിക്കുവാൻ നിർബന്ധിതരായിരിക്കുകയാണ്. അതിനാൽ ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(സി. എം. പി. ഒഴികെയുള്ള പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ വിട്ടിറങ്ങിപ്പോയി)

## VIII നിയമനിർമ്മാണകാര്യം-(തുടർച്ച)

### (1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1986-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള കാർഷിക സർവ്വകലാശാലാ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 1986-ലെ കേരള കാർഷിക സർവ്വകലാശാലാ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പരിഗണനയ്ക്കെടുത്തു.

#### 2-ാം വകുപ്പ്

Minister for Agriculture **Shri. N. Sundaran Nadar:** Sir, I move that in sub section (4) of section 42 of the Kerala Agricultural University Act 1971 (33 of 1971), proposed to be substituted by clause 2 of the Kerala Agricultural University (Amendment) Bill, 1986 for the words "the Director of Student Welfare, the Director of Research, the Director of Extension and the teachers of the University", the words "the Director of Research, the Director of Extension, the Director of Veterinary Research and Education, the Director of Post Graduate Studies and the Professors of the University" shall be substituted.

കൃഷിവകുപ്പുമന്ത്രി ശ്രീ. സുന്ദരൻ നാടാർ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

#### 3-ാം വകുപ്പ്

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

## 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, 1986-ലെ കേരള കാർഷിക സർവ്വകലാശാലാ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. എം. ഹസ്സൻ: സർ, കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഈ സഭയിൽ പ്രകടിപ്പിച്ച വളരെ സുപ്രധാനമായ ചില അഭിപ്രായങ്ങൾ ക്രോഡീകരിച്ചുകൊണ്ടാണ് ഈ നിയമത്തിന് അവസാനമായി രൂപം കൊടുത്തിട്ടുള്ളത്. കഴിഞ്ഞ കുറെക്കാലമായി ഈ ഗവൺമെന്റിന് എതിരായിട്ടുള്ള ഒരാക്ഷേപം നിയമങ്ങൾ പാസ്സാക്കുന്നില്ല, ഓർഡിനൻസ് ഭരണം നടത്തുന്നു എന്നതാണ്. പ്രതിപക്ഷാംഗങ്ങൾ നിരന്തരമായി ഉന്നയിച്ച ദുരാക്ഷേപമാണ് അത്. ഈ ഗവൺമെന്റിന് എതിരായി സർവ്വവിധമായ ആരോപണങ്ങളുമുന്നയിച്ചു. ജനമദ്ധ്യത്തിൽ ഗവൺമെന്റിനെ കരിതേച്ച് കാണിക്കുവാനും ഈ ഗവൺമെന്റിന്റെ പൊതുവായ ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങളെ തകർക്കാനമുള്ള എല്ലാ ശ്രമങ്ങളും ജനമദ്ധ്യത്തിൽ നടത്തി പരാജയപ്പെട്ട പ്രതിപക്ഷം വലിയ ഒച്ചപ്പാടാണ് ഉണ്ടാക്കിയത്. കേരളത്തിനകത്തും പുറത്തും അവർ പറഞ്ഞു പ്രചരിപ്പിച്ചു, ഞങ്ങളിവിടെ ഓർഡിനൻസ് ഭരണം നടത്തുന്നു, നിയമനിർമ്മാണമില്ല എന്ന്: മുഖ്യമന്ത്രി, കഴിഞ്ഞ നിയമസഭയിൽ ഉറപ്പ് കൊടുത്തതനുസരിച്ച് ഒരു പ്രത്യേക സമ്മേളനം ഓർഡിനൻസുകൾ മുഴുവൻ നിയമമാക്കാൻ വേണ്ടി നിയമനിർമ്മാണത്തിനുവേണ്ടി മാത്രം വിളിച്ചുകൂട്ടിയിരിക്കുകയാണ്. ഈ സമ്മേളനത്തിൽ നിയമനിർമ്മാണത്തിനുവേണ്ടി ഞങ്ങളെല്ലാവരും ഓറഞ്ചെട്ടായി, സന്നദ്ധരായി മുമ്പോട്ടുവന്നപ്പോൾ ഓർഡിനൻസ് ഭരണത്തിന്റെ പേരിൽ ഈ ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്താൻ ശ്രമിച്ച പ്രതിപക്ഷം അല്പംപോലും ആത്മാർത്ഥത കാണിക്കാതെ നിയമനിർമ്മാണത്തിന് തയ്യാറാകാതെ ഈ സഭവിട്ട് ഇനിയുള്ള നടപടികളെ ബഹിഷ്കരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഇറങ്ങിപ്പോയിരിക്കുകയാണ്. ഇത് ഭീരുത്വമാണ്. ഇതൊരു പരാജയത്തിന്റെ ആദ്യത്തെ ലക്ഷണമാണ്. ഗവൺമെന്റിന് എതിരായി ഗവൺമെന്റിന്റെ പോലീസ് നയത്തിനെതിരായി നടത്തിയ പ്രചരണങ്ങളും ഈ ഗവൺമെന്റിന്റെ ജനക്ഷേമകരങ്ങളായിട്ടുള്ള എല്ലാ പ്രവർത്തനങ്ങളെയും തുരങ്കം വയ്ക്കാനവർ നടത്തിയ ശ്രമങ്ങളും പരാജയപ്പെട്ടിരിക്കുകയാണ്. ഈ പരിതഃസ്ഥിതിൽ ഓർഡിനൻസ് ഭരണത്തിന്റെ പേരുംപറഞ്ഞ് നാളെ ജനങ്ങളുടെ മുൻപിലേയ്ക്ക് പോയാൽ, കേരളത്തിലെ ജനങ്ങൾ പ്രതിപക്ഷം ഉന്നയിക്കുന്ന ആക്ഷേപം, പ്രതിപക്ഷം വീമ്പിളക്കിക്കൊണ്ട് ഈ ഗവൺമെന്റിന് എതിരായി പറയുന്ന ആരോപണം, ആത്മാർത്ഥതയുള്ളതാണെന്ന് അവർക്ക് ജനങ്ങളുടെ മുമ്പിൽ തെളിയിക്കാൻ കഴിയുമോ? ഞങ്ങളിവിടെ ഉച്ചയ്ക്കു ശേഷവും, നിയമനിർമ്മാണത്തിനുവേണ്ടി, ബില്ലുകൾ റീപ്ലേസുചെയ്യാൻ വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുമ്പോൾ പ്രതിപക്ഷം ഈ സഭാഹാളിൽ, സഭാനടപടികൾ ബഹിഷ്കരിച്ചുകൊണ്ട് ഇറങ്ങിപ്പോയിരിക്കുകയാണ്, ഈ ഗവൺമെന്റിനെതിരായി ഈ നിയമസഭാ സമ്മേളനകാലത്ത് എന്തെല്ലാം കാര്യങ്ങൾ ഇവിടെ ഇവർ ഉയർത്തിപ്പിടിച്ചു! ഇതിൽ ഏതെങ്കിലും ഒന്ന് ഇവർക്ക് തെളിയിക്കുവാനോ ജനങ്ങളെ ബോദ്ധ്യപ്പെടുത്താനോ അവരെ വിശ്വസിപ്പിക്കാനോ സാധിച്ചിട്ടുണ്ടോ? ഓർഡിനൻസ് രേഖത്തിന്റെ കാര്യത്തിലും ഇവർ തകർന്ന് തരിപ്പണമായിരിക്കുകയാണ്. ഉന്നതമായ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു മഹനീയമായ സഭയാണ് ഇത്. ഈ നിയമസഭയിൽ നിയമനിർമ്മാണത്തിന് എത്ര മാത്രം പ്രാധാന്യമുണ്ടെന്ന് ആരും പറയാതെ ഈ രാജ്യത്തെ ജനങ്ങൾക്കറിയാം. കഴിഞ്ഞ രണ്ടുമൂന്നു ദിവസമായി ഈ നിയമനിർമ്മാണസഭയ്ക്കകത്ത് പ്രതിപക്ഷം കാണിക്കുന്ന കൊള്ളരുതായ്മകൾ എന്തൊക്കെയായിരുന്നു. ജനാധിപത്യ മര്യാദകളെ അവഹേളിച്ചുകൊണ്ട് ഈ രാജ്യത്തെ സാധാരണ ജനങ്ങളോട് അവർ പറഞ്ഞു പ്രചരിപ്പിച്ച കാര്യങ്ങളിൽ ജനങ്ങളുടെ വിചാര വികാരങ്ങൾക്കൊത്ത് അവർക്ക് ഉയരാൻ കഴിഞ്ഞില്ലെന്നുള്ളതിന് ഇതിനേക്കാൾ വലിയ തെളിവ് ആവശ്യമില്ല. ഈ ഗവൺമെന്റ് ഓർഡിനൻസു രേഖ നടത്തുന്നുവെന്ന് ആക്ഷേപിക്കുന്ന പ്രതിപക്ഷത്തിന് ഓർഡിനൻസുകൾ റീപ്ലെയിസ് ചെയ്തു നിയമമാക്കുന്നതിന് അല്പംപോലും ആത്മാർത്ഥതയില്ല. വെറും രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി, വെറുതെ ഈ ഗവൺമെന്റിനെ കരിതേച്ചു കാണിക്കുന്നതിനുവേണ്ടി, വെറുതെ പല കാര്യങ്ങളിലുമെന്നതുപോലെ ഈ നിയമനിർമ്മാണകാര്യത്തിലും പ്രതിപക്ഷം വീമ്പിളക്കിയതാണ്. അതുകൊണ്ട് ഈ നിയമം പാസ്സാക്കുമ്പോൾ കേരളത്തിന്റെ സമഗ്രമായ കാർഷിക വികസനത്തിനുവേണ്ടി കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനത്തിൽ ഒരു വലിയ മാറ്റം വരുത്തുകയാണ്, നിയമം കൊണ്ടുവരുന്നതിനുകൂടി ഇത് പ്രേരകമാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എസ്. ജോൺ: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. എല്ലാ യൂണിവേഴ്സിറ്റിയിലേയുംപോലെ കാർഷിക സർവ്വകലാശാലയിലും, ഡീൻ ഓഫ് ഫാക്കൽറ്റി മുതലായതിന് 60 വയസ്സാക്കണമെന്നുള്ള ഒരു നിയമമാണ് ഇത്. ഈ നിയമത്തെ ഞാൻ അനുകൂലിക്കുകയാണ്. അതേ സമയത്ത് പെൻഷൻ പ്രായം വർദ്ധിപ്പിക്കുക എന്നുള്ളത് ഒരു പ്രവണതയാക്കാൻ പാടില്ലെന്ന് ഗവൺമെന്റിനോട് നിർദ്ദേശിക്കാൻകൂടി ഞാൻ ആഗ്രഹിക്കുകയാണ്. വിദഗ്ദ്ധൻമാരായിട്ടുള്ള, വൈദഗ്ദ്ധ്യമുള്ള ആളുകൾക്കുവേണ്ടി മാത്രം ഇത് 60 വയസ്സാക്കുന്നതിനെ ഞാൻ അനുകൂലിക്കുന്നു. അതേ സമയത്ത് മറ്റു കാര്യങ്ങളിൽ റിട്ടയർമെന്റ് ഏജ് 55-ൽ കൂടാൻ പാടില്ല എന്നുള്ള വ്യക്തമായ അഭിപ്രായമാണ് എനിക്കുള്ളത്. ഏജ് വർദ്ധിപ്പിച്ചതിനുശേഷം ഇങ്ങനെയാക്കുന്നത് തമാശക്കല്ല. എന്നാൽ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാരെ ഓരോ തസ്തികയിലും, വയ്ക്കുന്നതുപോലെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരിക്കലും, വരാൻ പാടില്ല. ഇന്ന് റിട്ടയർചെയ്ത ഉദ്യോഗസ്ഥൻമാരെ പല തസ്തികകളിലും, നമ്മളും വയ്ക്കുന്നുണ്ട്. അതുപോലെതന്നെ റിട്ടയർ ചെയ്യാൻ തുടങ്ങുന്നയവസരത്തിൽ ചില പോസ്റ്റുകളിലേക്ക് നിയോഗിക്കാറുണ്ട്. ആ പ്രവണതയും ഏതു കാരണവശാലും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുണ്ടായി എന്ന് പറയേണ്ട ഒരു സ്ഥിതിവിശേഷം ഉണ്ടാക്കണം. ഇന്ന് നെൽകൃഷിക്കാരും കരിമ്പു കൃഷിക്കാരും വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. അതേ സമയത്ത് മറ്റു കൃഷിക്കാർ സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നില്ല. നെൽകൃഷിക്കാരും കരിമ്പുകൃഷിക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്താൻ ഒരു പരിധിവരെ ഈ ഗവൺമെന്റ് ശ്രമം നടത്തുന്നുവെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അതിൽ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. ഇന്ന് നമുക്ക് കാർഷികയൂണിവേഴ്സിറ്റികളുണ്ടെങ്കിലും നല്ലയിനം വിത്തുകളുണ്ടാക്കുന്ന കാര്യത്തിലും അതുപോലെത്തന്നെ പെസ്റ്റ് സൈഡ്സ് കണ്ടുപിടിക്കുന്ന കാര്യത്തിലും നാം ഉദ്ദേശിച്ച രീതിയിൽ വിജയിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. കാർഷിക യൂണിവേഴ്സിറ്റിയുടെ ചുമതലയിൽ പെസ്റ്റിസൈഡുണ്ടാക്കുക, അതുപോലെത്തന്നെ രോഗങ്ങൾ കണ്ടുപിടിക്കുക എന്നിവമയല്ലാമുണ്ട്. തെങ്ങിന്റെ രോഗത്തിന് എന്താണ് കാരണമെന്ന് കണ്ടുപിടിക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. അതുപോലെത്തന്നെ അതിനാവശ്യമായ മരുന്നു കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. നല്ലയിനം വിത്തുകൾ നമുക്കുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇതൊന്നും നമുക്ക് സാധിച്ചിട്ടില്ല.

നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷങ്ങൾ ഇത്രയും കാലം ആരോപണമുന്നയിച്ചുകൊണ്ടിരുന്നത് ബില്ലുകൾ ഉണ്ടാക്കുന്നില്ല, ബില്ലുകൾ നിയമമാക്കുന്നില്ല എന്നാണ്. അപ്പോൾ ബില്ലുകൾ നിയമമാക്കാൻ വരുമ്പോൾ അതിൽ സഹകരിക്കേണ്ട ബാദ്ധ്യത പ്രതിപക്ഷത്തിനുണ്ട്. വളരെ കാര്യങ്ങൾ നമുക്ക് പറയാനുണ്ട്. നിയമാനുസൃതം നമ്മുടെ പ്രൊസിഡ്യൂറിൽ പറഞ്ഞിട്ടുള്ള രീതിയിൽ ഏത് കാര്യങ്ങളും അവതരിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഒരു മെമ്പറെ സംബന്ധിച്ചിടത്തോളം നിയമസഭയ്ക്കുള്ളിലുണ്ട്. ജുഡീഷ്യറിയുടെ കാര്യത്തിൽ, ജഡ്ജ്മെന്റ് എങ്ങനെയുണ്ടായി എന്നതിനെക്കുറിച്ച് നിയമപരമായി ഇവിടെ അവതരിപ്പിക്കാനുള്ള പരിപൂർണ്ണമായ ഉത്തരവാദിത്വം യഥാർത്ഥത്തിൽ കാരോ മെമ്പർമാർക്കുമുണ്ട്. കേരള കോൺഗ്രസ്സ്, സുശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനവും എന്നുള്ള മുഖ്യമുദ്രാവാക്യത്തിൽ അടിയുറച്ചു നിൽക്കുന്ന ഒരു രാഷ്ട്രീയപ്രസ്ഥാനമാണ്. വിഘടനവാദത്തിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല. ശ്രീമാൻ ആർ. ബാലകൃഷ്ണപിള്ള അങ്ങനെ പ്രസംഗിച്ചിട്ടില്ല. അദ്ദേഹം പ്രസംഗിക്കുന്ന പ്രശ്നവുമില്ല. കേരള കോൺഗ്രസ് ഒരു പാർട്ടിയെ വിലയിരുത്തുന്നത് ആ പാർട്ടിയുടെ നയപരമായ പരിപാടികൾ എന്താണ്, അതിന്റെ പ്രമേയങ്ങൾ എന്താണ്, എന്നുള്ളതിനെ ആശ്രയിച്ചാണ്. അല്ലാതെ അങ്ങുമിങ്ങും ഒരു പ്രസംഗത്തിന്റെ വാലും മൂലയും എടുത്തല്ല. ഒരു രഷ്ട്രീയ പ്രസ്ഥാനത്തെയാണോ ഒരാളിന്റെ പ്രസംഗത്തെയാണോ വിലയിരുത്തേണ്ടത് എന്നുള്ള വസ്തുത പ്രത്യേകമായി എല്ലാ രാഷ്ട്രീയ പാർട്ടികളും ഓർത്തിരിക്കേണ്ടതാണ്. 1964-ൽ ഈ പറയുന്ന കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാടെന്തായിരുന്നു? ഇൻഡ്യാ മഹാരാജ്യത്തിനെതിരായി യുദ്ധം നടത്തിയ ചൈനയ്ക്ക് അനുകൂലമായിനിന്നിട്ടുള്ള രാഷ്ട്രീയ പ്രസ്ഥാനമാണ് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി. 1942-ൽ ക്വിറ്റ് ഇൻഡ്യാ മൂവ്മെന്റിനെ കാറ്റുകൊടുത്തവരാണ് കമ്മ്യൂണിസ്റ്റ് പാർട്ടികാർ മുഴുവൻ.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം പ്രഖ്യാപിച്ചപ്പോൾ സ്വാതന്ത്ര്യം കിട്ടിയില്ലായെന്ന് പറഞ്ഞ പാർട്ടികളാണ് കമ്മ്യൂണിസ്റ്റ് പാർട്ടികൾ മുഴുവൻ. അതിനു ശേഷം റഷ്യ ഉൾപ്പെടെയുള്ള രാഷ്ട്രങ്ങൾ അത് അംഗീകരിച്ചപ്പോൾ ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയെന്ന് അവരും അംഗീകരിക്കുക മാത്രമാണുണ്ടായത്. അവരാണ് ഇന്ന് രാജ്യസ്നേഹത്തെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുന്നത്. മിനിഞ്ഞാന്ന് തമിഴ്നാട്ടിൽ എന്താണ് നടന്നത്? തമിഴ്നാട് നിയമസഭയിൽ ഡി.എം.കെ.യിലെ ഏഴു മെമ്പർമാർ ഭരണഘടന നിയമസഭയ്ക്കുള്ളിൽവെച്ച് ചുട്ടുകരിക്കുകയുണ്ടായി. അങ്ങനെ ചുട്ടുകരിച്ച മെമ്പർമാരെ നിയമസഭാ സ്പീക്കർ ശിക്ഷിച്ചപ്പോൾ ആ സ്പീക്കറുടെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഭരണഘടന ചുട്ടുകരിച്ചവർക്ക് അനുകൂലമായി നിന്ന പാർട്ടികളാണ് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും സി.പി.ഐ.യും. പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് അൽപമെങ്കിലും രാജ്യസ്നേഹമുണ്ടെങ്കിൽ, ഒരു ജഡ്ജുമെന്റുപോലുമുണ്ടാകാത്ത സ്ഥിതിയിൽ ഈ നിലപാട്, ശ്രീ. ബാലകൃഷ്ണ പിള്ളയുടെ ഇഷ്യുവിൻമേൽ അവർ സ്വീകരിക്കാൻ പാടില്ലായിരുന്നു. എന്താണ് നാലു മാസം മുമ്പ് നടന്നത്? സത്യപ്രതിജ്ഞാ ലംഘനം നടത്തിയോ ഇല്ലയോ എന്ന് തീരുമാനിക്കാനുള്ള ബാദ്ധ്യത, ഉത്തരവാദിത്വം കേരള മുഖ്യമന്ത്രിക്കും ഗവർണർക്കുമാണ് എന്ന് നാലുമാസം മുമ്പ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഫുൾ ബെഞ്ച് വ്യക്തമായി പറഞ്ഞു. ഫുൾ ബെഞ്ചിന്റെ ഡിസിഷനെതിരായി ഒരു സിംഗിൾ ബെഞ്ചിന്റെ ജഡ്ജി പറഞ്ഞുവെന്ന് ഒരു പത്രത്തിൽ രണ്ടുമൂന്നു ദിവസങ്ങൾക്കു മുമ്പ് വാർത്ത വന്നു. അങ്ങനെ ഒരു ജഡ്ജ്മെന്റ് ഉണ്ടായിട്ടില്ല. ജഡ്ജുമെന്റ് പരിപൂർണ്ണമായിട്ടില്ല. പരിപൂർണ്ണമാകണമെങ്കിൽ അത് ഡിവിഷൻ ബെഞ്ചിനു റഫർചെയ്യേണ്ടതായിട്ടുണ്ടെന്നു ഇന്നത്തെ പത്രത്തിൽ പറഞ്ഞിരിക്കുകയാണ്. അങ്ങനെ ഡിവിഷൻ ബെഞ്ചിനു റഫർ ചെയ്തു ഡിവിഷൻ ബെഞ്ചിൽനിന്നു തിരിച്ചുവന്ന ശേഷം മാത്രമേ ഒരു ജഡ്ജുമെന്റുണ്ടാവുകയുള്ളൂ എന്ന് ഇന്നത്തെ പത്രത്തിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഏതിനെ ഈ രാജ്യത്തെ ജനങ്ങൾ വിശ്വസിക്കണം? മൂന്നു ജഡ്ജിമാർ ഒരുമിച്ചു പറയുന്നു സത്യപ്രതിജ്ഞാ ലംഘനം നടത്തിയിട്ടുണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കാനുള്ള ഉത്തരവാദി മുഖ്യമന്ത്രിയും ഗവർണറുമാണ് എന്ന്. അതേയവസരത്തിൽ ഒരു ജഡ്ജി പറഞ്ഞുപോലും സത്യപ്രതിജ്ഞാ ലംഘനം നടത്തിയെന്ന്. ഇത് ജനങ്ങൾ എങ്ങനെ വിശ്വസിക്കണം. എന്താണ് ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നത്. നിയമവും ഭരണഘടനയും അതുപോലെത്തന്നെ കീഴ്വഴക്കങ്ങളും സുപ്രീം കോടതി ജഡ്ജിയുടെ തീരുമാനം ഹൈക്കോടതി ജഡ്ജി അംഗീകരിക്കണമെന്നാണ്. ഒരു ഫുൾബെഞ്ചിന്റെ തീരുമാനം സിംഗിൾ ബഞ്ച് അംഗീകരിക്കണം. അങ്ങനെ റിട്ടൺ കൺവെൻഷനിലും അതുപോലെത്തന്നെ ഭരണഘടനയിലും വ്യക്തമാക്കപ്പെട്ട പരിതഃസ്ഥിതിയിൽ ഒരു ഫുൾബഞ്ച് തീരുമാനത്തിനെതിരായി ഒരു സിംഗിൾബഞ്ച് വിധിയെഴുതി എന്നു പറഞ്ഞാൽ ഈ രാജ്യത്തെ ജനങ്ങൾ വിശ്വസിക്കുകയില്ല. പക്ഷേ സിംഗിൾബഞ്ച് അങ്ങനെ വിധിയെഴുതിയിട്ടില്ലായെന്നാണ് ഇതുകൊണ്ട് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ രാജ്യത്തെ ജുഡീഷ്യറിയെക്കുറിച്ച് നല്ല അഭിപ്രായം ഈ രാജ്യത്തുണ്ടാകണം. അത് ഈ രാജ്യത്തെ ജനാധിപത്യ സംവിധാനം നിലനിറുത്താൻ ആവശ്യമാണ്. ജുഡീഷ്യറിയെ അനാവശ്യമായി വിമർശിക്കാൻ പാടില്ല. ഉണ്ടാകാത്ത ഒരു ജഡ്ജുമെന്റിനെ

LIBRARY ARCHIVES Kerala Legislative Assembly

മൊല്ലിയാണ്" പ്രതിപക്ഷങ്ങൾ 3-4 ദിവസമായി ഇവിടെ വാദപ്രതിവാദങ്ങൾ നടത്തുന്നത്". ബഹുമാനപ്പെട്ട ചെയർമാൻ അതുപോലെത്തന്നെ രാജ്യസഭാ സ"പീക്കറും, ലോകസഭാ സ"പീക്കറും, ഇത്" നിയമസഭയ"ക്കു ഉള്ളിൽ ചർച്ചചെയ്യാൻ പാടില്ലായെന്ന" റൂൾ ചെയ്യുകയുണ്ടായി. അത്" സബ"ജുഡീസ"ാണ". സബ"ജുഡീസ"ായ പ്രശ"നത്തെപ്പറ്റി ഇവിടെ ചർച്ചചെയ്യണമെന്ന" പറഞ്ഞുകൊണ്ടാണ" പ്രതിപക്ഷ രാഷ"ട്രീയ പ്രസ"ഥാനങ്ങൾ 3-4 ദിവസം ഈ പവനമായ നിയമസഭ കളങ്കപ്പെടുത്താൻ ശ്രമിച്ചത്". അത് നിർഭാഗ്യകരമായിപ്പോയി എന്നുമാത്രമേ എനിക്ക" പറയാനുള്ളൂ. ഇന്നത്തെരാഷ"ട്രീയ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ ഐക്യജനാധിപത്യമുന്നണി ഒറ്റക്കെട്ടായും, ശക"തമായും മുന്നോട്ടു പോകുന്നു. ജനാധിപത്യ മര്യാദകളേയും, കീഴ"വഴക്കങ്ങളേയും മാനിച്ചുകൊണ്ട" ഐക്യജനാധിപത്യമുന്നണി മുന്നോട്ടു നീങ്ങുന്നു, നീങ്ങണം. അങ്ങനെ ജനങ്ങളുടെ വിശ്വാസമാർജ"ിച്ചുകൊണ്ട ഈ മുന്നണി വീണ്ടും അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട" ഞാൻ നിറുത്തുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സ്", 1971-ലെ കേരള കാർഷിക സർവ്വകലാശാലാ ആക"ടിലെ 42-ാ, വകുപ്പ്" 4-ാം ഉപവകുപ്പ്" ഭേദഗതി ചെയ്യുന്നതാണ" ഈ ബിൽ. 1934 ആഗസ"റ്റ" മുതൽ ഓർഡിനൻസ" രണം നടത്തിക്കളയുന്നുവെന്ന" പ്രതിപക്ഷങ്ങൾ സ"ഥാനത്തും, അസ"ഥാനത്തും പ്രചരണം നടത്തിയിരുന്നു. ആ പ്രചരണം അവസാനിപ്പിക്കുന്നതിലേക്കുവേണ്ടിയാണ" ഈ ബിൽ അവതരിപ്പിക്കുന്നത". കേരള സർവ്വകലാശാലയിൽ സേവനത്തിലുള്ള 'ഫാക്കൽറ്റി—ഡീൻമാരുടെയും' 'സ"റ്റുഡന്റ"സ" വെൽഫെയർ ഡയറക"ടർമാരുടെയും, എക"സ"റ്റൻഷൻ ഡയറക"ടർമാരുടെയും, ലൈബ്രേറിയന്റെയും അദ"ധ്യാപകരുടെയും പെൻഷൻ പ്രായം 60 വയസ"ാക്കി ഉയർത്തണമെന്നായിരുന്നു ഓർഡിനൻസ". സബ"ജക"റ്റ" കമ്മിറ്റി, 'ലൈബ്രേറിയൻ' എന്നത് അതിൽനിന്നും നീക്കിക്കളഞ്ഞു. കേരള കാർഷിക സർവ്വകലാശാലയിലെ അദ"ധ്യാപകരുടെ പെൻഷൻ പ്രായം 55 ആണ". അതേസമയം കേരളത്തിലെ മറ്റ" സർവ്വകലാശാലാ അദ"ധ്യാപകരുടെ "പെൻഷൻ പ്രായം 60 വയസ"ാണ". അങ്ങനെ 60 വയസ"ാക്കി നിശ"ചയിക്കാനുള്ള പ്രധാന കാരണം ആ സർവ്വകലാശാലകളിലെ അദ"ധ്യാപകരുടെ നിയമനത്തിന" ഉയർന്ന വിദ്യാഭ്യാസ യോഗ്യതകൾ നിശ"ചയിച്ചിരിക്കുന്നു എന്നതാണ". കാർഷിക സർവ്വകലാശാല അദ"ധ്യാപകരുടെ പെൻഷൻ പ്രായം 55-ൽനിന്നു 60 ആക്കി ഉയർത്തുമ്പോൾ ഈ അടിസ"ഥാന തത്വം പരമപ്രാധാന്യമർഹിക്കുന്നു. എന്നാൽ ആ തത്വത്തിന്റെ അടിസ"ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാലയിലെ എല്ലാ അദ"ധ്യാപകർക്കും ഈ പ്രയോജനം നൽകാൻ ബുദ"ധിമുട്ടാണ". അതുകൊണ്ട" പെൻഷൻ പ്രായം മറ്റുള്ള സർവ്വകലാശാലയുടേതുപോലെ 60 ആക്കുന്നതിന്റെ പ്രയോജനം താരതമ്യേന ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള തസ"തികകളിലേക്കു മാത്രമായി ചുരുക്കേണ്ടിവന്നു. ഈ ഭേദഗതി അനുസരിച്ച" പെൻഷൻ പ്രായമുയർത്തുന്നത" ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഫാക്കൽറ്റി ഡീൻസ", റിസർച്ച" ഡയറക"ടർമാർ, എക"സ്റ്റൻഷൻ ഡയറക"ടർമാർ, വെറ്റിനറി റിസർച്ച" ആൻഡ" എഡ്യൂക്കേഷൻ ഡയറക"ടർമാർ, പോസ"റ്റ" ഗ്രാഡ്വേറ്റ" സ"റ്റുഡന്റ"സ" ഡയറക"ടർ, പ്രൊഫസർമാർ എന്നിവർക്കു മാത്രമായിരിക്കും. അല്ലാതെ, കേരളത്തിലെ മറ്റു വിദ്യാഭ്യാസ സ"ഥാപനങ്ങളിലെ സമാന വിദ്യാഭ്യാസ യോഗ്യതയുള്ള എല്ലാവർക്കും



LIBRARY ARCHIVES Kerala Legislative Assembly

ഈ ആനുകൂല്യം നൽകണമെന്ന് സർക്കാരിന് ഉദ്ദേശമില്ല. ഈ ബില്ല് പാസ്സാക്കിത്തരണമെന്ന് ഞാൻ ബഹുമാനപ്പെട്ട സഭയോട് അഭ്യർത്ഥിക്കുന്നു.

1986-ലെ കേരള കാർഷിക സർവ്വകലാശാലാ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1986-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘം (ഭേദഗതി) ബിൽ

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1986-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘം ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ഞാൻ അതിനെ പിൻതാങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. എഫ്. തോമസ്)

**Sri. P.K. Kunhalikutty:** Sir, I move that the Kerala Fishermen Welfare Societies (Amendment) bill, 1986 as reported by the Subject Committee be circulated for obtaining public opinion.

ഇവിടെ നേരത്തെ പ്രതിപക്ഷങ്ങളും ചില കാര്യങ്ങളൊക്കെ പറയുകയുണ്ടായി. കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്ക് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള കാര്യങ്ങൾ എടുത്തുകാണിക്കേണ്ട ഒരു കാര്യമാണ്. ഈ ഗവൺമെന്റിനെ കഴിഞ്ഞകാലങ്ങളിൽ പ്രതിപക്ഷം വിമർശിച്ചതിന് യഥാർത്ഥ മറുപടി ഈ ഗവൺമെന്റിന്റെ കയ്യിലുണ്ട്. ആ കാര്യങ്ങൾ ഞങ്ങൾ ആവർത്തിച്ച് ഇവിടെ വ്യക്തമാക്കിയതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന ആളുകൾക്കുവേണ്ടി, മൽസ്യത്തൊഴിലാളികൾക്കുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ ഇവിടെ ഭരിച്ച ഗവൺമെന്റുകളിൽ നിന്നൊക്കെ വളരെ വ്യത്യസ്തമായി വളരെ ഭാവനയോടുകൂടി ഒരു നയം സ്വീകരിക്കുകയും അവരുടെ ക്ഷേമത്തിനുവേണ്ടി വളരെ നല്ലനിലയിൽ പ്രവർത്തിക്കുകയും ചെയ്ത ഒരു ഗവൺമെന്റാണിത്. കഴിഞ്ഞകാലങ്ങളിലൊക്കെ ഇവിടെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ഭരിച്ചിട്ടുണ്ട്. അപ്പോഴൊക്കെ പാവങ്ങളുടെ ഗവൺമെന്റാണ്, ജീവിതത്തിൽ വളരെയധികം പിന്നോക്കം നിൽക്കുന്ന ആളുകൾക്കുവേണ്ടി ധാരാളം പ്രവർത്തിക്കുന്നവരാണ് എന്നൊക്കെ അവർ പറഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ കടലോരങ്ങളിൽ ജീവിക്കുന്ന മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും ചെയ്യാൻ അവർക്കു കഴിഞ്ഞിട്ടില്ല. നേരേമറിച്ച് ഈ ഗവൺമെന്റ് വന്നതിനു ശേഷം ഗ്രാമസംഘങ്ങളുണ്ടാക്കി, മൽസ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തി, മാത്രമല്ല, ആ വകുപ്പിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ദീർഘകാലം ആ വകുപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏറ്റെടുത്തുകൊണ്ട് മൽസ്യത്തൊഴിലാളികളുടെ ജീവിതത്തിൽ കാര്യമായ മാറ്റം വരുത്തുകയുണ്ടായി. ഇപ്പോൾ പ്രതിപക്ഷം ഈ ഗവൺമെന്റിനെ വിമർശിക്കുന്നത് എന്തു കാര്യങ്ങളിലാണെന്ന് നോക്കേണ്ടതുണ്ട്. ഒരു നിയമസഭ നല്ല നിലയിൽ നടന്നാൽ, ആ നിയമസഭയിൽ, ഈ ഗവൺമെന്റിന് പറയാനുള്ള കാര്യങ്ങൾ പറഞ്ഞാൽ, പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം പിടിച്ചുനിൽക്കാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly